# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**


**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**


(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 01/15, ചൊവ്വാഴ്ച** **തീയ്യതി 29.12.2015**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 31.6 മുതൽ 33.7 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 19.5 മുതൽ 25.5 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 65 മുതൽ 84 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 34 മുതൽ 50 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 3.9 മുതൽ 12.5 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 9.4 മുതൽ 9.8 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.9 മുതൽ 6.7 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 30.12.2015 | 31.012.2015 | 01.01.2016 | 02.01.2016 | 03.01.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 2 | 2 | 2 | 2 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 45 | 45 | 45 | 45 | 45 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 70 | 70 | 70 |

**വിളകളുടെ സ്ഥിതി:**

മുണ്ടകൻ നെൽകൃഷി കൊയ്ത്തു പരുവത്തിലാണ്. വാഴയിൽ വിളവെടുപ്പ് തുടരുന്നു. പുതിയ വാഴകൾ നട്ട് ഒന്നു രണ്ടു മാസമാകുന്നു. ഇഞ്ചി, മഞ്ഞൾ എന്നിവയിൽ വിളവെടുപ്പിന് സമയമായി. പച്ചക്കറികൾ നടാൻ അനുയോജ്യ സമയമാണ്.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മി.ല്ലി കിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | ചെമ്പൻ ചെല്ലി | കള്ള്, പൈനാപ്പിൾ എന്നിവ യീസ്ററ് ചേർത്ത് പുളിപ്പിച്ച് തെങ്ങിൻ തോപ്പിൽ വച്ച് ചെമ്പൻ ചെല്ലിയെ ആകർഷിക്കാം. ഇതിൽ ഏതെങ്കിലും കീടനാശിനി ചേർത്ത് തോട്ടത്തിൽ പല ഭാഗങ്ങളിൽ വച്ചാൽ ഇതിലേയ്ക്ക് ആകർഷിക്കപ്പെടുന്ന കീടങ്ങൾ ചത്തു വീഴും. |
| വാഴ | സിഗാടോക്കരോഗം | വാഴയിൽ സിഗാടോക്കരോഗം കാണാനിടയുണ്ട്. ആക്രമണത്തിനു വിധേയമായ ഇലകൾ മുറിച്ച് കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്യുക. ഇലകളിൽ രോഗലക്ഷണം കണ്ടാലുടൻ 10 മുതൽ 15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. ആക്രമണം അധികമായാൽ, സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |